പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം:6141 | 04.07.2019 -ൽ മറുപടിയ്ക്ക്

ഹൗസിംഗ് ബോർഡ് മുഖേനയുള്ള പുതിയ പദ്ധതികൾ

**ചോദ്യം**

**ശ്രീ.എം. സ്വരാജ് :**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹൗസിംഗ് ബോർഡ് മുഖേന ഏതെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(ബി) ഹൗസിംഗ് ബോർഡ് മുഖേന പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുവെന്ന് അറിയിക്കുമോ?

**ഉത്തരം**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

(എ) യും (ബി) യും കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ചികിത്സക്കായെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കുറഞ്ഞ വാടക നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ആശ്വാസ് വാടക വീട് പദ്ധതി ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചു വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി വയനാട് ജില്ലയിലെ മാനന്തവാടിയിലും കാസർഗോഡ് ജില്ലയിലെ മധൂരിലും നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. മാനന്തവാടിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കാസർഗോഡ് ജില്ലയിൽ സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിൽ ജില്ലാകളക്ടർ നിർദ്ദേശിച്ച സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.

ഇടുക്കി ജില്ലയിൽ തോട്ടം തൊഴിലാളികൾക്കായുള്ള പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള വാടകവീട് പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഗൃഹശ്രീ ഭവന പദ്ധതി ഇപ്പോഴും തുടർന്നു വരുന്നു.

എം.എൻ ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റവീടാക്കി മാറ്റാനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർ നിർമ്മിക്കുന്നതിനുമായി Special Bumber Lottery നടത്തി സമാഹരിച്ച 6.16 കോടി രൂപ ഉപയോഗിച്ച് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി പുരോഗമിക്കുന്നു.

ലൈഫ് മിഷനു കീഴിലുള്ള ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പാർപ്പിട സമുച്ചയ പദ്ധതികളായ കണ്ണൂർ ജില്ലയിലെ പട്ടുവത്തും കോഴിക്കോട് ജില്ലയിലെ മുക്കത്തുമുള്ള രണ്ട് പദ്ധതികൾക്കുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

Subha

സെക്ഷൻ ഓഫീസർ